# COCHIN UNIVERSITY OF SCIENCE AND TECHNOLOGY

## DRAFT MINUTES OF THE MEETING OF THE SENATE HELD ON 28.06.2014

| | | |
|---|---|---|
| **Venue** | : | **Senate Hall**<br>**University Administrative Office** |
| **Time** | : | **10.00 a.m.** |

***Members Present:***

1. Dr.K. Poulose Jacob
   Pro-Vice-Chancellor–in-charge of Vice-Chancellor (Chairman)
2. Dr.V.H.Abdul Salam
3. Sri.Ansar M.S
4. Sri.P.I.Basheer
5. Dr.A.B. Bhasi
6. Sri.S.Harikumar
7. Sri.Harilal
8. Dr.Joseph John
9. Adv.Kabeer K.K
10. Prof.Lopus Mathew
11. Dr.G.Madhu
12. Dr.Mathew Cherian
13. Dr.A.Mohamuda Beegum
14. Dr.K.Mohankumar
15. Dr.A.Mujeeb
16. Sri.Nazimuddin T.S.
17. Dr.M.R.Radhakrishna Panicker
18. Dr.RajeshV.G
19. Sri.Saran S. Kartha
20. Dr.Sasigopalan
21. Sri.N.L.Sivakumar
22. Sri.Sreehari Lakshmanan
23. Sri.Sunny P. Jose
24. Dr.P.Suresh Kumar
25. Sri.Tony Raphy
26. Dr.K.A.Zakkariya

**Also Present:**

1. Dr. K.Sajan
   Professor-in-charge of Registrar
2. Smt.Hema B. Nair
   Joint Registrar (Academic)

The Chairman welcomed all the members and then took up the Agenda for consideration.

## I ELECTION

Election to the General Council of Kerala Agricultural University from the Senate. (Time **10.00 a.m.**)

തിരഞ്ഞെടുപ്പിന് വേണ്ടി നാമനിർദ്ദേശം സമർപ്പിക്കാൻ അംഗങ്ങളെ ചെയർമാൻ ക്ഷണിച്ചു. തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പാലിക്കാതെ തിരഞ്ഞെടുപ്പ് നടത്തുന്നത് ശരിയാണോ എന്ന് ശ്രീ. ഹരിലാൽ ക്രമപ്രശ്നം ഉന്നയിച്ചു. എന്നാൽ മുൻ കാലങ്ങളിൽ ഈ രീതിയിൽ സെനറ്റിൽ നിന്നും അംഗത്തെ തിരഞ്ഞെടുത്തിട്ടുണ്ടെന്ന് ഡോ.കെ.എ.സക്കറിയ, അൻസാർ എം. എസ്. എന്നിവർ അഭിപ്രായപ്പെട്ടു.

തുടർന്ന് തിരഞ്ഞെടുപ്പ് നടപടിക്രമങ്ങളിലേക്ക് കടന്നു. ശ്രീ.എൻ.എൽ. ശിവകുമാറിനെ കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ ജനറൽ കൗൺസിലിലേക്ക് അംഗമായി ശ്രീ.ടോണി റാഫി നാമനിർദ്ദേശം ചെയ്യുകയും ഡോ.കെ.എ.സക്കറിയ പിൻതാങ്ങുകയും, സഭ അദ്ദേഹത്തെ ഐക്യകണ്ഠേന തിരഞ്ഞെടുക്കുകയും ചെയ്തു.

## II ANSWERING OF THE QUESTIONS

Questions asked by the Members of the Senate and Answers thereto by the Syndicate.

*ചോദ്യം: 1. അഡ്വക്കേറ്റ് കെ.കെ. കബീർ*

സാങ്കേതിക സർവ്വകലാശാല ആരംഭിക്കുമ്പോൾ എത്ര കോളേജുകൾ യൂണിവേഴ്സിറ്റിയിൽ നിന്ന് പോകും? ഇത് എത്ര ജീവനക്കാരെ ബാധിക്കും? ഇത്രയും കോളേജുകൾ വിട്ട് പോകുമ്പോൾ ഉള്ള വരുമാന നഷ്ടം എത്രയാണ്? ഇത് മറികടക്കാൻ സർവ്വകലാശാലയ്ക്ക് എന്തെങ്കിലും പദ്ധതി ഉണ്ടോ?

*ഉത്തരം: പ്രൊഫ. ലോപ്പസ് മാത്യു*

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്കു കീഴിൽ നിലവിൽ 24 എഞ്ചിനീയറിംഗ് കോളേജുകളും 2 മാനേജ്മെന്റ് കോളേജുകളും ഉണ്ട്. നിർദിഷ്ട സാങ്കേതിക സർവ്വകലാശാലയുടെ ഘടനയെക്കുറിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ടി ചോദ്യത്തിനുള്ള കൃത്യമായ മറുപടി നൽകുവാൻ നിർവ്വാഹമില്ല.

സാങ്കേതിക സർവ്വകലാശാല ആരംഭിക്കുന്നത് സംബന്ധിച്ച് നിലവിൽ ഔദ്യോഗികമായ രേഖകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. കേരളത്തിൽ ഗവൺമെൻറ് എഞ്ചിനീയറിംഗ് കോളേജുകൾ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങി